# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4428

17/12/2014 - ൽ മറുപടിക്ക്

### കനോലി കനാൽ സഞ്ചാര യോഗ്യമാക്കുന്നതിനു നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) താനൂർ നിയോജക മണ്ഡലത്തിലൂടെ കടന്ന് പോകുന്ന ദേശീയ ജലപാതയായ കനോലി കനാൽ മാലിന്യങ്ങൾ വന്നടിഞ്ഞ് ജീർണാവസ്ഥയിലായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എ) | ഉണ്ട്. |
| ബി)ഈ നിയോജക മണ്ഡലത്തിൽ കനാലിന്റെ ഇരുകരകളും കെട്ടി സംരക്ഷിക്കുന്നതിന് ഇപ്പോൾ നടന്ന് കൊണ്ടിരിക്കുന്ന പ്രവൃത്തി എത്ര ദൂരത്തിലാണ് നടപ്പിലാക്കുന്നതെന്നും ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ? | (ബി) | താനൂർ-കൂട്ടായി കനാലിന്റെ ആകെ നീളം 18.30 കി.മീ ആണെങ്കിലും താനൂർ മണ്ഡലത്തിലൂടെ കടന്നു പോകുന്ന കനോലി കനാലിന്റെ (താനൂർ-കൂട്ടായി കനാൽ) നീളം 11 കി.മീ ആണ്. കനാലിന്റെ ഇരുവശങ്ങളും കെട്ടി . സംരക്ഷിക്കുന്ന പ്രവൃത്തിയും ആഴം കൂട്ടലും വീതി കൂട്ടലിനുമായുള്ള രണ്ട് പ്രവൃത്തികൾ 1920 മീറ്റർ നീളത്തിലാണ് നടന്നു വരുന്നത്. ഇതിൽ ചെ. 341.14 കി.മീ മുതൽ 342.10 കി.മീ വരെയുള്ള പ്രവൃത്തി 25% പൂർത്തീകരിക്കുകയും അടുത്ത പ്രവൃത്തിയായ ചെ. 342.10 കി.മീ മുതൽ 343.06 കി.മീ വരെയുള്ള പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| സി)ശേഷിക്കുന്ന പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതിന് നടപടിയെടുക്കുമോ? | (സി) | ശേഷിക്കുന്ന 9.724 കി.മീ.നീളത്തിൽ 51.90 ലക്ഷം രൂപയുടെ 4 പ്രവൃത്തികൾ സംസ്ഥാന ഫണ്ടിൽ ഉൾപ്പെടുത്തി നടത്തുവാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്. |

| | |
|---|---|
| ഡി) കനാലിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് സഞ്ചാര യോഗ്യമാക്കുന്നതിനും കനാലിന്റെ ഇരുകരകളിലും യാത്ര ചെയ്യുന്നവർക്ക് നടപ്പാതകൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കനാൽ പൂർണ്ണമായും സഞ്ചാരയോഗ്യമാക്കുന്നതിനുളള ശ്രമമാണ് നടത്തുന്നത്. കനാൽ ഗതാഗത യോഗ്യമായതിനുശേഷം സ്ഥലം ലഭ്യമായാൽ നടപ്പാത നിർമ്മാണം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ